പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1539** **16.03.2015- ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ കൃഷിഭവനകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരില്ലാത്ത എത്ര കൃഷിഭവനകൾ ഉണ്ടെന്ന് വിശദമാക്കാമോ; തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പ് കൃഷി ഓഫീസർമാരുടെ അഭാവം മൂലം ബുദ്ധിമുട്ടിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>ബി) തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പ് കൃഷി ഓഫീസർമാർ ഇല്ലാ-ത്തതുമൂലം ബുദ്ധിമുട്ടിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കാസർഗോഡ് ജില്ലയിൽ ബേഡ്ഡൂർ, ചെമ്മനാട്, ഈസ്റ്റ് ഇളേരി, ദെലംപടി, മംഗൽപടി, കട്ടിക്കോൽ, പുത്തിഗെ, മുളിയാർ എന്നീ കൃഷിഭവനകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുണ്ട്. കൂടാതെ കിനാനൂർ-കരിന്തളം കൃഷിഭവനിലെ കൃഷി ഓഫീസർ എസ്.എച്ച്.എം.-ൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിനോക്കുകയാണ്. ഒഴിവുള്ള കൃഷി ഭവനകളുടെ അധികച്ചുമതല തൊട്ടടുത്ത കൃഷിഭവനിലെ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നു. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) എങ്കിൽ മേൽ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | (സി) | റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പി.എസ്.സി. നിയമനം നടക്കുന്നതിനുള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ